KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
'ഭദ്രത', മ്യൂസിയം റോഡ്, പി.ബി.ന: 510, തൃശ്ശൂർ, കേരള.
ഫോൺ: 487 2332255, ഫാക്സ്: 487 2336232. www.ksfe.com

റഫ. നമ്പർ: 14123/ഐ ടി | തിയ്യതി: 30-06-2023

# സർക്കുലർ നമ്പർ 28/2023 (IT)

വിഷയം: ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ക്രാപ്പ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന: 1) G.O.(Ms) No. 27/2018 Dt. 28/10/2018
2) G.O.(Ms) No. 30/2021 Dt. 01/10/2021

ശാഖകളുടെ കമ്പ്യൂട്ടർ വൽക്കരണത്തിനുശേഷം ഉപയോഗിക്കാനാകാത്തതും കേടുപാടുകൾ തീർക്കാനാകാത്തതുമായ നിരവധി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നമ്മുടെ വിവിധ ശാഖകളിൽ ഉണ്ട്. വിവിധ ഓഫീസുകളിലെ ഇലക്ട്രോണിക്സ്, ഐടി ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സെർവറുകൾ, ഡെസ്ക്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവ 31-12-2013 നോ അതിനുമുമ്പോ വാങ്ങിയവ ആയിരിക്കേണ്ടതാണ്. അതുപോലെ GLPI-യിൽ 'NO_AMC' എന്ന സ്റ്റാറ്റസിന് കീഴിൽ വരുന്ന (അതായത് പ്രവർത്തിക്കാത്തതും, ഉപയോഗിക്കാത്തതും, കേടുപാടുകൾ തീർക്കാനാകാത്തതുമായ) ഉപകരണങ്ങൾ മാത്രമാണ് സ്ക്രാപ്പ് ചെയ്യുന്നതിനായി തിരഞ്ഞെടുക്കേണ്ടത്.

ഐടി ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യാൻ ആഗ്രഹിക്കുന്ന ശാഖകൾ, സ്ക്രാപ്പ് ചെയ്യേണ്ട ഉപകരണങ്ങളുടെ ലിസ്റ്റ് (Make, Model, serial number & date of purchase) തയ്യാറാക്കുകയും ആയത് റീജിയണൽ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. RO-IT കോ-ഓർഡിനേറ്റർ ഉപകരണങ്ങൾ 'NO_AMC' & 'NOT WORKING' എന്നീ നിലയിലാണെന്ന് GLPI-യിൽ പരിശോധിച്ച് ഉറപ്പ് വരുത്തുകയും, ശേഷം കുറഞ്ഞത് മൂന്ന് വെണ്ടർമാരിൽനിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും, കൂടുതൽ തുകക്കുള്ള ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്യേണ്ടതാകുന്നു. സ്ക്രാപ്പ് ചെയ്തതിനു ശേഷം സ്ക്രാപ്പ് ചെയ്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ RO-IT കോ-ഓർഡിനേറ്റർ ഹെഡ് ഓഫീസിലേക്ക് (IT - HARDWARE) അറിയിക്കേണ്ടതാണ്. യൂണിറ്റുകളിൽ ആവശ്യമായ അക്കൗണ്ട് എൻട്രികൾ (അനുബന്ധമായി കൊടുത്തിട്ടുള്ള ജനറൽ മാനേജർ (ഫിനാൻസ്) ന്റെ 07-06-2022 ലെ സൂചന ന:2618/GST - ലെറ്റർ പ്രകാരമുള്ളത്) ഇടേണ്ടതുമാണ്.

വ്യത്യസ്ത ഐടി ഉപകരണങ്ങൾക്ക് ഏറ്റവും കുറഞ്ഞത് ചുവടെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നത് പോലെയുള്ള തുകയെങ്കിലും കിട്ടിയാൽ മാത്രമാണ് സ്ക്രാപ്പ് ചെയ്യേണ്ട വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

| Sl. No. | ITEM | RATE |
|---|---|---|
| 1 | System Unit (CPU) | 38/Kg |
| 2 | LCD Monitor | 20/Kg |
| 3 | CRT Monitor | 10/Kg |
| 4 | Key Board / Mouse | 10/Kg |
| 5 | Printer / Scanner | 30/Kg |
| 6 | Server | 30/Kg |
| 7 | Telecom Equipment & Speakers | 10/Kg |

ഇതു സംബന്ധമായ സംശയങ്ങൾക്ക് H O യിൽ ബന്ധപ്പെടേണ്ട നമ്പറുകൾ:
GLPI Help: 9446005128, 9447798800.
ACCOUNTS: 9446434567

കെ എസ് എഫ് ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്. കെ**
**മാനേജിങ് ഡയറക്ടർ**

To : എല്ലാ ശാഖാ തലവന്മാർക്കും – നിർദ്ദേശങ്ങൾ പ്രകാരം ആവശ്യാനുസരണം സ്ക്രാപ്പ് ചെയ്യുന്നതിന് വേണ്ടി

പകർപ്പ്:
1. എല്ലാ മേഖല ഓഫീസ് മേധാവികൾക്കും
2. എല്ലാ എസ് ഡി ടി മേധാവികൾക്കും
3. എല്ലാ ഐ എ ഡി മേധാവികൾക്കും
4. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. RO–IT കോ ഓർഡിനേറ്റേഴ്സ് – നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനം ഉറപ്പു വരുത്തുന്നതിനുവേണ്ടി
6. എം ഡി യുടെ പി എ